ന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് കുറ്റമറ്റ രീതിയിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി പാർട്ട് ടൈം കോഴ്സുകളിൽ ചേരുന്നതിന് ബോർഡ് ജീവനക്കാർക്ക് 15-3-2004-ന്റെ ബോർഡ് ഉത്തരവ് മുഖാന്തരം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് ആകെ കിട്ടിയ അപേക്ഷകളിൽ നിന്നും സർവ്വീസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിശ്ചിത എണ്ണം NOC മാത്രമേ നൽകാൻ കഴിയുകയുള്ളൂ.

(ഇ) ഉണ്ട്.

	സർവ്വീസ്
(1) രമേഷ്, എം. ആർ., മീറ്റർ റീഡർ, ഇലക്ട്രിക്കൽ സെക്ഷൻ, ത്രിപ്രയാർ.	9 മാസം
(2) ഷാജി. റ്റി. എൻ., മീറ്റർ റീഡർ, ഇലക്ട്രിക്കൽ സെക്ഷൻ, രാമവർമ്മപുരം.	9 മാസം

കാൻസർ രോഗികളുള്ളിടത്ത് വൈദ്യുതി കണക്ഷൻ ലഭിക്കാൻ നടപടി

52 [353] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികളുള്ളിടത്ത് വൈദ്യുതി കണക്ഷൻ ലഭിക്കാൻ എത്ര കാലമെടുക്കും എന്ന് വ്യക്തമാക്കുമോ;

(ബി) കാൻസർ രോഗം പിടിപെട്ട പ്രായമുള്ളവരുടെ വീട്ടിൽ ഡോക്ടർമാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ അനുവദിക്കുമോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കുന്ന പക്ഷം കാൻസർ രോഗി, രോഗിയുടെ ഭർത്താവ്/ഭാര്യ, അച്ഛൻ, അമ്മ, മകൾ, മകൻ, എന്നിവരുടെ ഉടമസ്ഥതയിലുള്ളതും രോഗി താമസിക്കുന്നതുമായ വീടിന് ഔട്ട് ഓഫ് ടേൺ പ്രയോറിട്ടിയിൽ കാലതാമസംകൂടാതെ വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

(ബി) അനുബന്ധമായി † ചേർത്തിട്ടുള്ള ഡോക്ടർമാർ/സ്ഥാപനങ്ങളിൽ നിന്നും ഉള്ള സർട്ടിഫിക്കറ്റ് സഹിതം വൈദ്യുതി കണക്ഷന് അപേക്ഷിച്ചാൽ ഔട്ട് ഓഫ് ടേൺ പ്രയോറിട്ടിയിൽ കാലതാമസം കൂടാതെ വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

ബി. പി. എൽ.-ൽ ഉൾപ്പെടുത്തി വൈദ്യുതി കണക്ഷൻ

53 [354] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ബി. പി. എൽ-ൽ ഉൾപ്പെടുത്തി എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്;

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവ ഓരോ എ. ഇ. ഓഫീസിന്റെയും പരിധിയിൽ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1011 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി)

അഗളി	–	216
തച്ചമ്പാറ	–	159
അലനല്ലൂർ	–	296
മണ്ണാർക്കാട്	–	295
ശ്രീകൃഷ്ണപുരം	–	45

പന്തളം 33 കെ. വി. സബ് സ്റ്റേഷൻ നിർമ്മാണം

54 [355] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളത്ത് ആരംഭിക്കുന്ന 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണം എന്നത്തേക്ക് തുടങ്ങുവാൻ കഴിയും;

(ബി) ഇതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) പ്രസ്തുത സബ് സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലം പന്തളം ഗ്രാമപഞ്ചായത്തിൽ നിന്നും വിട്ടു കിട്ടാത്തതാണ് കാലതാമസത്തിനുള്ള കാരണം. സ്ഥലം വിട്ടു കിട്ടുന്ന മുറയ്ക്ക് നിർമ്മാണം തുടങ്ങുവാൻ കഴിയുന്നതാണ്.

(സി) സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തി സ്ഥലമേറ്റെടുക്കുവാൻ ആടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ചടയമംഗലം നിയോജകമണ്ഡലത്തിലെ വൈദ്യുതീകരണം

55 [356] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജകമണ്ഡലത്തിൽ 25% വീടുകളിൽ ഇന്നും വൈദ്യുതി എത്തിയിട്ടില്ലെന്ന യാഥാർത്ഥ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം. എൽ. എ. ഫണ്ട് അടക്കമുള്ള വിവിധ ഏജൻസികളിൽനിന്നുള്ള തുകയും രാജീവ് ഗാന്ധി പദ്ധതിയിൽ നിന്നുള്ള തുകയും വിനിയോഗിച്ച് സമയബന്ധിതമായി എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly